# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.365 17.10.2011 ൽ മറുപടിയ്ക്ക്

### കാവേരി നദീജലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.എം.ചന്ദ്രൻ<br>ഡോ.കെ.ടി.ജലീൽ | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ മന്ത്രി) |

| | |
|---|---|
| (എ) കാവേരി നദീജല പദ്ധതിയിൽ നിന്നും ലഭിക്കുന്ന ജലത്തിന്റെ ഭൂരിഭാഗവും പാഴായി പോകുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) കാവേരി നദീജലതർക്ക ട്രിബ്യൂണൽ പുറപ്പെടുവിച്ച വിധിയിൽ 30 ടി.എം.സി ജലമാണ് കേരളത്തിന് അനുവദിച്ചത്. വിധിക്കെതിരായി കേരളവും മറ്റ് ബന്ധപ്പെട്ട സംസ്ഥാനവും സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. എന്നിരിക്കിലും അനുവദിച്ച ജലം ഉപയുക്തമാക്കാൻ വിവിധ പദ്ധതികൾ വിഭാവനം ചെയ്തു വരുന്നു.<br><br>കാവേരി തടത്തിലെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കല്പറ്റ ആസ്ഥാനമാക്കി ഒരു സൂപ്രണ്ടിംഗ് എൻജിനീയറുടെ കാര്യാലയം രൂപീകരിച്ചിട്ടുണ്ട്.<br><br>കബനി ബേയിസിനിലെ കാരാപ്പുഴ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തു. ബാണാസുര സാഗർ പദ്ധതി നടപ്പിലാക്കി വരുന്നു. കബനി ബേയിസിനിലെ നൂൽപ്പുഴ, കടമൻതോട്, ചുണ്ടാലിപ്പുഴ, കല്ലംപതി തിരുനെല്ലി, തൊണ്ടാർ, പെരിങ്ങോട്ടു പുഴ എന്നിവ പര്യവേഷണ ഘട്ടത്തിലാണ്.<br>ഭവാനി ബേയിസിനിലെ |

5

| | |
|---|---|
| | അട്ടപ്പാടിവാലി ഇറിഗേഷൻ പ്രോജക്ട്, അരളി, തുടുക്കി എന്നിവയും പര്യവേഷണം ചെയ്തു വരുന്നു.<br><br>പാമ്പാർ ബേയിസിനിലെ തലയാർ, ചെങ്കലാർ എന്നീ പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കി സി.ഡബ്ളിയു.സി.ക്ക് അയച്ചു കൊടുത്തു. സി.ഡബ്ളിയു.സി നിർദ്ദേശിച്ചതിൻപ്രകാരം സംസ്ഥാനതല ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി മുൻപാകെ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) നിർദ്ദിഷ്ട പദ്ധതികൾ നടപ്പാക്കുന്നതിലുള്ള കാലതാമസമാണ് കാവേരി ജലം കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് പ്രയോജനപ്പെടുത്താൻ കഴിയാത്തതിന്റെ കാരണമെന്ന ആക്ഷേപം വിലയിരുത്തപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) പാഴാക്കിക്കളയുന്ന ജലം കാർഷിക മേഖലയ്ക്കുപയുക്തമായ നിലയിൽ ജലസേചന പദ്ധതികൾക്ക് രൂപം നൽകുമോ? | (സി) നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ